# തൂലിക

## കവിത

ബാബു രാഗലയം

മൂന്ന് തൂലികകൾ കൊണ്ടാണ്
ഞാൻ ജീവിതമെഴുതുന്നത്,
ഒന്ന്
ഇൻസുലിൻ പേന;

അതിലോലം, അയത്നലളിതം
കൂർത്തു കയറുമ്പോഴും വേദനയറിയില്ല.
ചോര പൊടിയുന്നില്ല.
നിസ്സഹമായ ഒരു കറുത്ത പൊട്ട്,
മനസ്സിൽപ്പതിഞ്ഞു മുറിയും.

ആദ്യം തൂലികയുടെ പിരിമുറക്കണം
സ്വയമഴിഞ്ഞ് പൂജ്യനാകുമ്പോൾ
അന്നം പ്രാണനാക്കാനുള്ള
വിദ്യമറന്നതിൽ നിന്ന് ശാപമേക്ഷം.
ഒരു ദിനം രണ്ട് പൊട്ടുകൾ,
രണ്ടിന്റെ പെരുക്കങ്ങൾ ഇഴചേർന്നു
പുതപ്പായി മൂടന്നതോർത്ത് നെടുക്കം.

രണ്ട്

മനസ്സിൻ തൂലിക,
വാക്കുകൾ ഉയിർകൊള്ളും നെബുല.
സ്വയമെരിയുന്ന ഊർജ്ജപാതം,
വർണ്ണരാജികളുടെ കൗതുകം,
നിറഭേദങ്ങളുടെ നിരന്തരത,
കാമനകളുടെ പ്രതിമാനങ്ങൾ,
ഉയിർക്കൊള്ളുന്ന രതിമൂർച്ഛകൾ,

ശതകോടി മൂർച്ഛകളിൽ ധൂർത്താകുന്ന
വാക്കുകൾ, ധ്വനികൾ, രൂപകങ്ങൾ.
പിറവികൊണ്ട് മാഞ്ഞു പോകുന്നവ
ഓർമ്മിച്ചെടുക്കാൻ വെമ്പിക്കുഴയുമ്പോൾ
അശരീരിയായെത്തുന്നു
ട്രാഫിക് പോലീസിന്റെ
തെറിക്കവിത.

മൂന്ന്

വെളുത്ത പ്രതലത്തിൽ
കറുത്ത ബിന്ദുക്കൾ കുത്തുന്ന
ജൽപ്പേന;
മുഖമുരച്ച് മുഖമുരച്ച്
സ്വയം വേദനിച്ച്
പകർത്തുന്നതെന്തെന്നറിയില്ല!
പതിയുന്നതെന്തെന്നറിയില്ല!!

നാല്

പറയാനിനിയുമൊരെണ്ണം ബാക്കി;
മറന്നതോ, കണക്ക് പിഴച്ചതോ?
തെളിമയാർന്നതൊക്കെയും
സ്വപ്നങ്ങളാകുന്ന, വാക്കുകളാക്കുന്ന,
ധ്വനികളാക്കുന്ന,
വായനമനസ്സുകൾ.

അർത്ഥവും അർത്ഥാന്തരങ്ങളും
കണ്ടെത്തി ആശയങ്ങൾ ആരോപിച്ച്,
നിരൂപിച്ച്, കവിത സൃഷ്ടിക്കുന്ന
വായന മനസ്സുകൾ.